LIBRARY ARCHIVES Kerala Legislative Assembly

അഗ്രോ സർവ്വീസ് സെന്ററുകൾ

110 (2743) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. തെരഞ്ഞെടുത്ത 49 ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി)

1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിച്ചെലവും. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ ഈ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്നു.

2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവത്കരണം നടപ്പിലാക്കുന്നു.

3. മണ്ണ് പരിശോധന, രോഗകീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് സഹായിക്കുന്നു.

4. ട്രാക്ടർ, വൈദ്യുതിയുടെ യന്ത്രം, വീഡ്കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ്സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്രസാമഗ്രികൾ റിപ്പയർ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

5. കൃഷിയിലും അനുബന്ധ മേഖലകളിലും യുവാക്കൾക്ക് താല്പര്യവും പ്രാഗൽഭ്യവും ഉറപ്പുവരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു.

(സി) സംസ്ഥാനത്ത് 14 ജില്ലകളിലായി 49 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

നെൽകർഷകർക്ക് സഹായം

111 (2744) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ;

(ബി) കരിനില വികസന ഏജൻസികളിലൂടെ പാടശേഖരങ്ങൾക്കെന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് ; വ്യക്തമാക്കാമോ ;

(സി) നെൽകർഷകർക്ക് നൽകിവന്നിരുന്ന സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം എന്നീ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും സപ്ലൈകോവഴി കിലോയ്ക്ക് 19 രൂപ നിരക്കിൽ കർഷകരിൽനിന്നും നെല്ല് സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly